**ശ്രദ്ധക്ഷണിക്കൽ**

(1) <u>പെട്രോളിയം ഉല്പന്നങ്ങളുടെ വില വർദ്ധനവ്</u>

<u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: സർ, പെട്രോളിയം ഉല്പന്നങ്ങൾക്കുമേൽ ഏർപ്പെടുത്തിയിട്ടുള്ള നികുതി കുറയ്ക്കുകയോ വിലനിയന്ത്രണം ഏർപ്പെടുത്തുകയോ ചെയ്യണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടാനാണ് ഈ ശ്രദ്ധക്ഷണിക്കൽ അവതരിപ്പിക്കുന്നത്. പെട്രോളിയം ഉല്പന്നങ്ങളുടെ വില നാൾക്കുനാൾ വർദ്ധിക്കുകയാണ്. അവസാനമായി പെട്രോളിയം വില വർദ്ധിപ്പിച്ചത് ഇന്നലെയാണ്. ഇന്ന് പെട്രോളിന്റെ വില 96.47 രൂപയാണ്. ഡിസലിന് 91.74 രൂപയുമാണ്. പല സംസ്ഥാനങ്ങളിലും വില 100 രൂപയിൽ അധികമായിട്ടുണ്ട്. മേയ് മാസത്തിൽ മാത്രം 16 തവണയാണ് വില വർദ്ധിപ്പിച്ചത്. ജൂൺ മാസത്തിലെ വില വർദ്ധന ഇന്നലെമുതൽ തുടങ്ങി. പാചകവാതകത്തിന്റെ വില 800-900 രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. പെട്രോളിയം ഉല്പന്നത്തിന്റെ വില നേരത്തെ കേന്ദ്ര ഗവൺമെന്റാണ് നിശ്ചയിച്ചിരുന്നത്. ഇപ്പോൾ അതിനുള്ള അധികാരം എണ്ണക്കമ്പനികൾക്കാണ്. വില നിശ്ചയിക്കുന്നതിൽ സർക്കാർ ഇടപെടാൻ പാടില്ലെന്നും വിപണിയാണ് വില നിശ്ചയിക്കേണ്ടതെന്നുമുള്ള നവ ഉദാരവത്കരണ നയത്തിന്റെ അടിസ്ഥാനത്തിലാണ് ഇങ്ങനെ ചെയ്തത്. വൻകിട കോർപ്പറേറ്റുകളുടെ

താല്പര്യങ്ങൾക്ക് വഴങ്ങി രണ്ടാം യു.പി.എ. സർക്കാരിന്റെ ഭരണകാലത്ത് 2010 ജൂൺ 25-ന് പെട്രോളിന്റെ വില നിയന്ത്രണം അന്നത്തെ പ്രധാനമന്ത്രി ഡോ. മൻമോഹൻ സിങ് എടുത്തുകളഞ്ഞു. 2010-ഓടെ റിലയൻസ്, എസ്.ആർ. എന്നീ കമ്പനികൾ പെട്രോളിയം ചില്ലറ വിൽപ്പന രംഗത്തേയ്ക്ക് കടന്നുവന്നു. ശ്രീ. നരേന്ദ്ര മോദി അധികാരത്തിൽ വന്നതിനുശേഷം 2014 ഒക്ടോബറിൽ ഡീസലിന്റെ വിലനിർണ്ണയംകൂടി വിപണിക്ക് തുറന്നുകൊടുത്തു. നേരത്തെ ഡോ. മൻമോഹൻ സിങിന്റെ നടപടിയെ എതിർത്തവരായിരുന്നു ശ്രീ. നരേന്ദ്ര മോദിയും കൂട്ടരും. ഇങ്ങനെ തുറന്നു കിട്ടിയ പുതിയ മേച്ചിൽപ്പുറങ്ങളാണ് കോർപ്പറേറ്റുകളുടെ ലാഭം വൻതോതിൽ വർദ്ധിപ്പിച്ചത്. അന്താരാഷ്ട്ര മാർക്കറ്റിൽ ക്രൂഡോയിലിന്റെ വില കുറയുമ്പോൾ, ഇവിടെ പെട്രോളിയം ഉൽപ്പന്നത്തിന്റെ വില കുറയും, അവിടെ കൂടിയാൽ മാത്രമേ ഇവിടെ കൂടുകയുള്ളൂവെന്നാണ് പ്രചരിപ്പിച്ചത്. പക്ഷെ, എന്താണ് സംഭവിച്ചത്? അന്താരാഷ്ട്ര മാർക്കറ്റിലെ വില കുറയുന്നതിനനുസരിച്ച് ഇവിടെ കുറയുന്നില്ല, ഓരോ ദിവസവും വില കൂടിവരുന്നു. ജനങ്ങളെ കൊള്ളയടിക്കുകയും കുത്തകകൾ തടിച്ചുകൊഴുക്കുകയും ചെയ്യുന്നു. അവർക്കൊപ്പം കേന്ദ്ര ഗവൺമെന്റും എക്സൈസ് ഡ്യൂട്ടി വർദ്ധിപ്പിച്ച് ജനങ്ങളെ കൊള്ളയടിക്കുകയാണ് ചെയ്യുന്നത്. ക്രൂഡോയലിന്റെ വില ലോകമാർക്കറ്റിൽ വൻതോതിലിടിഞ്ഞപ്പോൾ ഒരാനുകൂല്യവും നമ്മുടെ രാജ്യത്തെ ജനങ്ങൾക്ക്

കിട്ടിയില്ല. മോദി സർക്കാർ 11 തവണയാണ് നികുതി വർദ്ധിപ്പിച്ചത്. ഇപ്പോൾ പെട്രോളിന് 32.90 രൂപയും ഡീസലിന് 31.80 രൂപയുമാണ് നികുതി. സ്പെഷ്യൽ അഡീഷണൽ എക്സൈസ് ഡ്യൂട്ടി, അഗ്രികൾച്ചറൽ ഡെവലപ്മെന്റ് സെസ്സ്, റോഡ് ഡെവലപ്മെന്റ് സെസ്സ് എന്നിങ്ങനെ കേന്ദ്ര സർക്കാരിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനുവേണ്ടിയാണ് ഈ നികുതികളെല്ലാം ഉപയോഗിക്കുന്നത്. അടിസ്ഥാനനികുതി വളരെ തുച്ഛം മാത്രമാണുള്ളത്. ഇങ്ങനെ കേന്ദ്ര ഗവൺമെന്റിന്റെ വരുമാനം വർദ്ധിപ്പിക്കാൻ മാത്രമാണ് നികുതികളെല്ലാം വർദ്ധിപ്പിക്കുന്നതെന്ന് കാണാൻ സാധിക്കും. നികുതിവരുമാനത്തിൽ നിന്നുള്ള വലിയൊരു തുക സംസ്ഥാനത്തിന് കിട്ടുന്നുവെന്ന കള്ളപ്രചരണം ഒരു കേന്ദ്രമന്ത്രിയും മോദി ഭക്തൻമാരും നടത്തിക്കൊണ്ടിരിക്കുന്നു. പക്ഷെ, ബേസിക് എക്സൈസ് ഡ്യൂട്ടിയുടെ 42 ശതമാനം മാത്രമെ സംസ്ഥാനത്തിന് ലഭിക്കുന്നുള്ളൂ. ഒരു ലിറ്റർ പെട്രോളിന് ഒരു പൈസയാണ് (08.%) കേരളത്തിന് ലഭിക്കുക. 2014-15-ൽ പെട്രോളിയം ഉല്പന്നങ്ങളിൽനിന്ന് കേന്ദ്രത്തിന്റെ വരുമാനം 74,158 കോടി രൂപയായിരുന്നു. 2020-21-ൽ 2.95 ലക്ഷം കോടി രൂപയായി. ഇപ്പോൾ 3.01 കോടി രൂപയായി മാറി. നാലിരട്ടി വർദ്ധനയാണുണ്ടായത്. നികുതി 459 ശതമാനമാണ് വർദ്ധിപ്പിച്ചത്. കോർപ്പറേറ്റുകളും ഇന്ത്യാ ഗവൺമെന്റും ചേർന്ന് ഈ മഹാമാരിക്കാലത്ത് ജനങ്ങളെ കൊള്ളയടിക്കുന്നു. ശ്രീ. നരേന്ദ്ര മോദി

അധികാരത്തിൽ വരുമ്പോൾ പെട്രോൾ നികുതി 9.48 രൂപയായിരുന്നു. ഇപ്പോൾ 32.95 രൂപയാണ്, 275 ശതമാനം വർദ്ധനവാണ്. ഡീസലിന്റെ നികുതി 3.86 രൂപയായിരുന്നത് 31.81 രൂപയായി, 255 ശതമാനം വർദ്ധനവാണ്. അന്താരാഷ്ട്ര മാർക്കറ്റിൽ വില കുറയുമ്പോഴെല്ലാം ഇവിടെ നികുതി കൂട്ടി. ലോകത്ത് ഏറ്റവും കൂടുതൽ ഇന്ധനനികുതി ഇന്ത്യയിലാണ്, 69 ശതമാനം. ഏറ്റവും കുറവ് കോർപ്പറേറ്റ് നികുതിയും ഇന്ത്യയിലാണ്, 15 ശതമാനം. ആരുടെ കൂടെയാണ് ഇന്ത്യാ ഗവൺമെന്റ് നിൽക്കുന്നത്?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഇതിനുള്ള മറുപടിയും അദ്ദേഹത്തിന്റെ പ്രസംഗത്തിൽ തന്നെയുണ്ട്. പെട്രോൾ-ഡീസൽ വിലനിയന്ത്രണം 2010-ലും 2014-ലും കേന്ദ്ര സർക്കാർ എടുത്തുമാറ്റിയശേഷം ഇന്ധനവില ക്രമാനുഗതമായി ഉയരുന്ന സ്ഥിതിവിശേഷമാണ് ഉണ്ടായിരിക്കുന്നത്. അന്താരാഷ്ട്ര കമ്പോളത്തിൽ ക്രൂഡ് ഓയിൽ വില താഴുമ്പോൾ അതിന്റെ നേട്ടം രാജ്യത്തെ ഉപഭോക്താക്കൾക്ക് കിട്ടുമെന്ന് ഉയർത്തിയ അവകാശവാദത്തിന് വസ്തുതകളുടെ പിൻബലം ഇല്ലാതായിരിക്കുകയാണ്. ഇതിനുകാരണം അന്താരാഷ്ട്ര കമ്പോളത്തിൽ വില താഴുമ്പോൾ അതിനനുസൃതമായി എക്സൈസ് തീരുവ വർദ്ധിപ്പിച്ച് കേന്ദ്ര സർക്കാർ വില താഴാതെ പിടിച്ചുനിർത്തുകയും പലപ്പോഴും ഉയർത്തുകയും ചെയ്യുന്നതുകൊണ്ടാണ്.

കേന്ദ്ര സർക്കാരിന്റെ കഴിഞ്ഞ ആറ് വർഷക്കാലത്തെ കണക്കുകൾ പരിശോധിച്ചാൽ പെട്രോളിന്റെയും ഡീസലിന്റെയും കേന്ദ്രനികുതി 307 ശതമാനം വർദ്ധിച്ചതായി കാണാം. 2021-ൽ ഇതിനകം പെട്രോൾ-ഡീസൽ വില 19 തവണ വർദ്ധിക്കുന്ന സ്ഥിതിയുമുണ്ടായി. കേന്ദ്ര സർക്കാർ ചുമത്തുന്ന എക്സൈസ് തീരുവയിൽ നാല് ഇനങ്ങളുണ്ട്. അത് ബേസിക് എക്സൈസ് തീരുവ, സ്പെഷ്യൽ അഡീഷണൽ എക്സൈസ് ഡ്യൂട്ടി, കൃഷി പശ്ചാത്തല സൗകര്യ വികസന സെസ്സ്, അഡീഷണൽ എക്സൈസ് ഡ്യൂട്ടി ആന്റ് റോഡ് പശ്ചാത്തല സൗകര്യ വികസന സെസ്സ് എന്നിവയാണ്. ഇതിൽ ബേസിക് എക്സൈസ് തീരുവ ഒഴികെയുള്ള ഒന്നുംതന്നെ സംസ്ഥാനങ്ങളുമായി പങ്കിടേണ്ടവയല്ല. എല്ലാ വിലവർദ്ധനയും പങ്കിടേണ്ടാത്ത തീരുവകളിലാണ് കേന്ദ്ര സർക്കാർ വരുത്തിക്കൊണ്ടിരിക്കുന്നത്. 2021 ഫെബ്രുവരിയിൽ കേന്ദ്രസർക്കാർ പ്രസിദ്ധീകരിച്ച കണക്കുപ്രകാരം പെട്രോളിന്മേൽ ചുമത്തിയിരുന്ന 67 രൂപ എക്സൈസ് തീരുവയിൽ വെറും നാല് രൂപ മാത്രമാണ് സംസ്ഥാനങ്ങളുമായി പങ്കുവയ്ക്കേണ്ട ബേസിക് എക്സൈസ് തീരുവ. ഈ അവസ്ഥ നിലനിൽക്കവേയാണ് സംസ്ഥാന സർക്കാർ നികുതി കുറയ്ക്കണമെന്ന വിചിത്രവാദം ഉയർത്തുന്നത്. പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില അനിയന്ത്രിതമായി വർദ്ധിക്കാതിരിക്കണമെങ്കിൽ അന്താരാഷ്ട്ര കമ്പോളത്തിൽ വില കുറയുമ്പോൾ

കേന്ദ്ര സർക്കാർ എക്സൈസ് തീരുവയിൽ വർദ്ധന വരുത്തുന്ന രീതി അവസാനിപ്പിക്കണം. കേന്ദ്ര സർക്കാർ അടിക്കടി ഉയർത്തുന്ന ഇന്ധനവില കാരണമുണ്ടാകുന്ന വിലക്കയറ്റം ഉപഭോഗത്തിന്റെ ശക്തിപ്പെടുത്തലിനെ തടസ്സപ്പെടുത്തുന്നതുവഴി സാമ്പത്തിക വളർച്ചയ്ക്ക് വിഘാതം നിൽക്കും. ഇന്ധന വിലവർദ്ധന കാരണമുണ്ടാകുന്ന അവശ്യ സാധനങ്ങളുടെ വിലക്കയറ്റം ഉപഭോക്തൃ സംസ്ഥാനമായ കേരളത്തെ ദോഷകരമായി ബാധിക്കും. അനിയന്ത്രിതമായി ഇന്ധന വിലവർദ്ധനവ് വരുത്തുന്ന നിലപാടിൽ നിന്നും കേന്ദ്ര സർക്കാർ പിന്തിരിയണമെന്നാണ് സംസ്ഥാന സർക്കാരിന്റെ നിലപാട്.

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: സർ, പെട്രോളിയം ഉല്പന്നത്തിന്റെ വിലവർദ്ധനവിന്റെ ഫലമായി കേരളത്തിന് വലിയ സാമ്പത്തിക വരുമാനം ലഭിക്കുന്നുവെന്നൊരു പ്രചരണം നടക്കുന്നുണ്ട്. കേന്ദ്രത്തിന് ലഭിക്കുന്ന തുകയുടെ ആനുപാതികമായി കേരളത്തിന് നികുതി വരുമാനം ലഭിക്കുന്നുണ്ടോ;

ശ്രീ. പിണറായി വിജയൻ: സർ, അതാണ് ഞാൻ നേരത്തെ വിശദമായി പറഞ്ഞത്. എക്സൈസ് തീരുവ ഇനത്തിൽ നാല് ഇനമുണ്ടെന്ന് പറഞ്ഞു. പെട്രോളിന്മേൽ ചുമത്തിയിരുന്ന 67 രൂപ എക്സൈസ് തീരുവയിൽ വെറും നാല് രൂപ മാത്രമാണ് സംസ്ഥാനങ്ങളുമായി പങ്കുവയ്ക്കേണ്ട ബേസിക് എക്സൈസ് തീരുവ. ഈ ഇനത്തിൽ മാത്രമേ സംസ്ഥാനവുമായി പങ്കുവയ്ക്കേണ്ടതുള്ളൂ. മറ്റ് മൂന്നിനത്തിലും

സംസ്ഥാനങ്ങൾക്ക് പങ്കില്ല. നികുതി വിഹിതം കേന്ദ്ര സർക്കാരിനാണ് ലഭിക്കുന്നത്. അതുകൊണ്ടാണ് വില വർദ്ധിപ്പിച്ചു കൊണ്ടിരിക്കുന്നത്.

(2) തീരദേശ പരിപാലന പദ്ധതികൾ

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, 2019-ലെ കേരള തീരദേശ നിയന്ത്രണ മേഖല വിജ്ഞാപനം അനുസരിച്ചുള്ള തീരദേശ പരിപാലന പദ്ധതികളും കായൽ ദ്വീപുകൾക്കും വേമ്പനാട് കായലിനും വേണ്ടിയുള്ള പ്രത്യേക സമഗ്ര പരിപാലന പദ്ധതികളും സമയബന്ധിതമായി നടപ്പാക്കുന്നതു സംബന്ധിച്ച് ഗവൺമെന്റിന്റെ ശ്രദ്ധക്ഷണിക്കാൻ ആഗ്രഹിക്കുകയാണ്. തീരദേശ സംരക്ഷണം ഉറപ്പാക്കുന്നതിനും തീരദേശത്തിന് സുസ്ഥിരവികസനം കൈവരിക്കുന്നതിനും വേണ്ടിയുള്ള ദേശീയ സമീപനത്തിന്റെ ആദ്യപടിയാണ് പരിസ്ഥിതി സംരക്ഷണ നിയമത്തിലെ പരിധിയിലുൾപ്പെടുത്തി കേന്ദ്ര സർക്കാർ 1991-ൽ തീരദേശ നിയന്ത്രണ മേഖല വിജ്ഞാപനം പുറപ്പെടുവിച്ചത്. പിന്നീട് 2011-ൽ വിജ്ഞാപനം പരിഷ്കരിച്ച് പുതിയ വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. 2011-ലെ വിജ്ഞാപനം തീരദേശവാസികളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാത്തതിൽ മാറ്റം ആവശ്യമാണെന്ന് അന്നത്തെ യു.ഡി.എഫ്. സർക്കാരും മറ്റ് സംസ്ഥാനങ്ങളും ആവശ്യപ്പെട്ടതനുസരിച്ച് ഡോ. സൈലേഷ് നായിക് കമ്മിറ്റി പഠനം നടത്തുകയും കേരളം അടക്കമുള്ള സംസ്ഥാനങ്ങൾ ആവശ്യപ്പെട്ട

കുറേ കാര്യങ്ങൾ ഉൾപ്പെടുത്തി പുതിയ വിജ്ഞാപനം 2019 ജനുവരി 18-ാം തീയതി പുറപ്പെടുവിക്കുകയും ചെയ്തു. ഈ വിജ്ഞാപനം നടപ്പിലാക്കുന്നതിന് സംസ്ഥാനങ്ങൾ പുതുക്കിയ തീരദേശ പരിപാലന പദ്ധതി തയ്യാറാക്കി കേന്ദ്ര അംഗീകാരം തേടേണ്ടതുണ്ട്. തീരദേശ പരിപാലന പദ്ധതിക്ക് അംഗീകാരം ലഭിക്കുന്നതുവരെ 2019-ലെ വിജ്ഞാപനത്തിലെ വ്യവസ്ഥകൾ നടപ്പിലാക്കാൻ സാധിക്കില്ലെന്നുള്ളതും ഈ വിജ്ഞാപനത്തിലെ പ്രത്യേകതയാണ്. ഇതോടൊപ്പം കേരളത്തിലെ കായൽ ദ്വീപുകൾക്കും കടലിനോട് ചേർന്നുകിടക്കുന്ന ദ്വീപുകൾക്കും തീരദേശ നിയന്ത്രണ മേഖല 20 മീറ്ററാക്കി ചുരുക്കിയിരുന്നു. ഈ ആനുകൂല്യം ലഭിക്കണമെങ്കിൽ ദ്വീപുകൾക്ക് പ്രത്യേകം പ്രത്യേകം പരിപാലന പദ്ധതികൾ സംസ്ഥാന സർക്കാർ സമർപ്പിക്കേണ്ടതുണ്ട്. 2019-ലെ വിജ്ഞാപനത്തിൽ പറഞ്ഞിട്ടുള്ളതുപോലെ 20 മീറ്റർ ആനുകൂല്യം ലഭിക്കണമെങ്കിൽ ഓരോ ദ്വീപിനും പ്രത്യേക പരിപാലന പദ്ധതി തയ്യാറാക്കി കേന്ദ്രത്തിന് സമർപ്പിച്ച് കേന്ദ്രാനുമതി തേടണം. എങ്കിൽ മാത്രമേ 20 മീറ്റർ ആനുകൂല്യം ദ്വീപുകൾക്ക് ലഭിക്കുകയുള്ളൂ. ഇപ്പോഴത്തെ ദൂരപരിധി 50 മീറ്ററാണ്. ധർമ്മടം ഉൾപ്പെടെ നാലായിരം ദ്വീപുകളാണ് കേരളത്തിലുള്ളത്. അതുപോലെ ചില ദ്വീപുകൾക്കായി കാറ്റഗറി-II ചട്ടങ്ങൾ നിലനിർത്തി ദ്വീപായി പ്രഖ്യാപിക്കണമെന്നുള്ള ആവശ്യമുണ്ട്. മരട് നഗരസഭ ഇങ്ങനെയൊരു ആവശ്യം

ഉന്നയിച്ചിട്ടുണ്ട്. 1991-ലെ തീരദേശ നിയന്ത്രണ മേഖല വിജ്ഞാപനത്തിൽനിന്നും വളരെ വ്യത്യസ്തമായി, പാരിസ്ഥിതികമായി വളരെ പ്രാധാന്യം എന്നുകണ്ടെത്തി വേമ്പനാട് കായലിന് അതീവ ഗുരുതരമായ  വിധം ആപത്ത് ഭീഷണിയുള്ള മേഖലയാണെന്ന് 2019-ലെ വിജ്ഞാപനത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്. പ്രദേശത്തെ സംരക്ഷണത്തിനായി ഒരു സമഗ്രമായ പദ്ധതി തയ്യാറാക്കി അതിന്റെ അടിസ്ഥാനത്തിൽ മാത്രമേ പുതിയ നിർമ്മാണ പ്രവർത്തനങ്ങൾക്ക് അനുമതി ലഭിക്കുകയുള്ളൂവെന്നും അത്തരമൊരു സമഗ്ര പരിപാലന പദ്ധതി അംഗീകരിച്ച് വിജ്ഞാപനം പുറപ്പെടുവിക്കുംവരെ പരമ്പരാഗത നിവാസികളുടെ ആവശ്യം അടിസ്ഥാനമാക്കിയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ഓരോന്നും സംസ്ഥാന തീരദേശ സംരക്ഷണ അതോറിറ്റിയുടെ അനുമതിയോടുകൂടി മാത്രമേ ചെയ്യാവൂ എന്നും വിജ്ഞാപനത്തിൽ പറഞ്ഞിട്ടുണ്ട്. 2019-ലെ തീരദേശ പരിപാലന വിജ്ഞാപനം അനുസരിച്ചുള്ള തീരദേശ പരിപാലന പദ്ധതികളും ദ്വീപുകൾക്ക് പ്രത്യേക സമഗ്ര ദ്വീപ് പരിപാലന പദ്ധതികളും പൂർത്തീകരിക്കേണ്ട ആവശ്യകതയിലേയ്ക്ക് സർക്കാരിന്റെ ശ്രദ്ധക്ഷണിക്കുകയാണ്. ഇതോടൊപ്പം വേമ്പനാട് കായലിനുവേണ്ടിയുള്ള പ്രത്യേക സമഗ്ര പരിപാലന പദ്ധതികളും നടപ്പാക്കണമെന്ന് ആവശ്യപ്പെടുന്നു. അതോടൊപ്പം പഞ്ചായത്തുകൾക്ക് അവരുടെ പ്ലാൻ തയ്യാറാക്കിത്തരാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. അതിന്റെ കാലാവധി ഈ

30-ാം തീയതി അവസാനിച്ചിരിക്കുകയാണ്. പഞ്ചായത്തുകളോട് ഇത് തയ്യാറാക്കിത്തരാൻ ആവശ്യപ്പെട്ടിരിക്കുന്ന സന്ദർഭത്തിൽ ഒരു കാര്യം ഞാൻ ഓർമ്മിപ്പിക്കുകയാണ്. കഴിഞ്ഞ നിയമസഭയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒരു ഉറപ്പ് നൽകിയിരുന്നു. പഞ്ചായത്തുകൾക്ക് കൊടുക്കുന്ന cadastral map 1.4,000-ൽ കൊടുക്കാമെന്ന് പറഞ്ഞിരുന്നു. എന്നാൽ ഇപ്പോൾ കൊടുത്തിട്ടുള്ളത് 1.25000 ആണ്. അത് 1.4000 ആക്കി നൽകിയാൽ വലിയ map കിട്ടുകയും ജനങ്ങൾക്ക് അത് മനസ്സിലാക്കാൻ അവസരമുണ്ടാകുകയും ചെയ്യും. ബഹുമാനപ്പെട്ട മുഖ്യമന്ത്രി കഴിഞ്ഞ നിയമസഭയിൽ 1.4000-ൽ map കൊടുക്കാമെന്ന് ഉറപ്പു നൽകിയതായിട്ടാണ് ഞാൻ മനസ്സിലാക്കുന്നത്. അന്ന് ഞാൻ സഭയിൽ ഉണ്ടായിരുന്നില്ല. അതുകൂടി പരിഗണിക്കണമെന്നഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഇതിന്റെ മറുപടി മേശപ്പുറത്തു വയ്ക്കാം+. അതോടൊപ്പം ചില കാര്യങ്ങൾ പറയാനുണ്ട്. സമയം കൂടുതലെടുക്കേണ്ടി വരുന്നതുകൊണ്ടാണ് മറുപടി മേശപ്പുറത്ത് വയ്ക്കുന്നത്.

കോസ്റ്റൽ സോൺ മാനേജ്മെന്റ് പ്ലാൻ സംബന്ധിച്ച് ഒരു ഗൗരവമായ ഇടപെടൽ നടത്തേണ്ടതുണ്ട് എന്നത് പൂർണ്ണമായും ശരിയാണ്. ബഹുമാന്യനായ അംഗം ചൂണ്ടിക്കാണിച്ച രീതിയിൽ 19.01.1991-ൽ CRZ നോട്ടിഫിക്കേഷൻ ആദ്യം വന്നു. പിന്നെ 18.01.2019-ന് ഇന്ത്യാ ഗവൺമെന്റ് മറ്റൊരു

---

+ അനുബന്ധമായി ചുവടെ ചേർക്കുന്നു.

നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചു. അതിന്റെ ഭാഗമായി നല്ലൊരവസരമാണ് സംസ്ഥാനത്തിന് ലഭിച്ചിട്ടുള്ളത്. അതിന് ഒരു കരട് ഇപ്പോൾ തയ്യാറായിട്ടുണ്ട്. ആ കരടിന്റെ ഭാഗമായി എറണാകുളത്ത് മാത്രമായി 1074 ദ്വീപ് ഉണ്ടെന്നാണ് പറയുന്നത്. ഇത്തരം വികസിത പഞ്ചായത്തുകൾ സാധാരണഗതിയിൽ ഏതിൽ വരണം എന്ന വിഷയമുണ്ട്. നമ്മുടെ സംസ്ഥാനത്ത് പഞ്ചായത്തുകളും നഗരങ്ങളും തമ്മിലുള്ള വ്യത്യാസം വളരെ കുറവാണ്. ഇതും നാം ഗൗരവമായി അഡ്രസ്സ് ചെയ്യേണ്ട ഒരു പ്രശ്നമാണ്. അതുപോലെ കേരളത്തിൽ ഭൂമിക്ക് വലിയ ക്ഷാമമാണ്. തീരദേശത്തെ ജനസാന്ദ്രത 2176 ആണ്. അത് യഥാർത്ഥത്തിൽ പല നഗരങ്ങളിലുമുള്ളതിനേക്കാൾ കൂടുതലാണ്. ഇപ്പോൾ സമുദ്രതീരം പരിശോധിച്ചാൽ അതിൽ നഗരങ്ങളും ഗ്രാമങ്ങളുമുണ്ടാകും. അതു പരിശോധിച്ചാൽ 1998 ചതുരശ്ര കിലോമീറ്ററാണുള്ളത്. അതിൽ ജനസാന്ദ്രത 2642 ആണ്. നഗരത്തേക്കാളും കൂടുതലാണ് ജനസാന്ദ്രത. ഇതെല്ലാം നമുക്ക് അനുകൂലമായ ഘടകങ്ങളാണ്. അനുകൂലമായ ഘടകങ്ങളുടെ അടിസ്ഥാനത്തിൽ കാര്യങ്ങൾ തീരുമാനിക്കപ്പെടേണ്ടതായിട്ടുണ്ട്. യഥാർത്ഥത്തിൽ നമ്മുടെ പഞ്ചായത്തുകൾ CRZ-II-ലാണ് വരേണ്ടത് എന്നാണ് ഇതെല്ലാം കാണിക്കുന്നത്. ഇപ്പോൾ CRZ-III-യിലാണ്. ഇത്തരമൊരു അവസ്ഥ പൊതുവിൽ വന്നുകഴിഞ്ഞിട്ടുണ്ട്. 2018-ൽ പ്രിൻസിപ്പൽ സെക്രട്ടറി 136 തീരദേശ ടൗൺ പ്രദേശങ്ങളെ CRZ-II-ൽ

ഉൾപ്പെടുത്തിക്കൊണ്ട് ഒരു കത്ത് കേന്ദ്ര ഗവൺമെന്റിന് അയച്ചിരുന്നു. അതിന്റെ പരിഗണന ഇതേവരെ ആയിട്ടില്ല.

പൊക്കാളി കൃഷിനടക്കുന്ന സ്ഥലം യഥാർത്ഥത്തിൽ filtration pond ആയിട്ടാണ് ചിത്രീകരിച്ചിരിക്കുന്നത്. അത് റവന്യൂ റെക്കോർഡിലുള്ള ഭൂമിയാണ്. റവന്യൂ റെക്കോർഡിലുള്ള ഭൂമി സാധാരണ രീതിയിൽ തരം മാറ്റാൻ സാധിക്കില്ല. അത് റവന്യൂ റെക്കോർഡ് അനുസരിച്ച് തന്നെ കണക്കാക്കേണ്ടതാണ്. ആകാശത്തുനിന്ന് എടുക്കുന്ന ചിത്രത്തിന്റെ ഭാഗമായി ഇതിനെ മറ്റൊരു തരത്തിൽ ചിത്രീകരിക്കാൻ പറ്റില്ല. മനുഷ്യശ്രമത്തിന്റെ ഭാഗമായിട്ടാണ് പൊക്കാളി കൃഷിസ്ഥലത്ത് വെള്ളം എത്തുന്നതും ഇറങ്ങുന്നതും മറ്റും. അതിന്റെ അടുത്തുള്ള ഭൂമിയിൽ കെട്ടിടം പണിയാൻ പറ്റാത്ത അവസ്ഥയാണ് നിലനിൽക്കുന്നത്. യഥാർത്ഥത്തിൽ പൊക്കാളി ഭൂമിയെ ഒരു വാട്ടർ ബോഡിയായി കണക്കാക്കേണ്ടതല്ല. അതൊരു കൃഷി ഭൂമിയാണ്. റവന്യൂ റെക്കോർഡ് അനുസരിച്ചുള്ള ഭൂമിയാണ്. അപ്പോൾ റവന്യൂ റെക്കോർഡാണ് നിലനിൽക്കുക. പല തർക്കങ്ങളും നേരത്തെ നടന്നിട്ടും അത് നിയമപരമായി തെളിയിക്കപ്പെട്ടിട്ടുള്ള കാര്യമാണ്. ഈ രീതിയിൽ ഈ അവസരം ശരിയായ രീതിയിൽ ഉപയോഗിക്കണമെന്ന് തന്നെയാണ് സർക്കാർ കാണുന്നത്. അങ്ങ്

പറഞ്ഞ ചില പ്രശ്നങ്ങളുമുണ്ട്. അതെല്ലാം പരിഗണിച്ച് ഇക്കാര്യത്തിൽ ഇടപെടൽ നടത്തണമെന്ന് തന്നെയാണ് സർക്കാർ കാണുന്നത്.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, 2019-ലെ വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിലുള്ള ഈ ആനുകൂല്യം ലഭിക്കണമെങ്കിൽ ചില നടപടിക്രമങ്ങളെല്ലാം പൂർത്തിയാക്കണം. പബ്ലിക് ഹിയറിംഗ് ഉൾപ്പെടെ നടത്തണം. പബ്ലിക് ഹിയറിംഗ് ഉൾപ്പെടെ നടത്തി കേന്ദ്ര ഗവൺമെന്റിന് പുതുക്കിയ പ്ലാൻ സമർപ്പിക്കാൻ എന്നത്തേയ്ക്ക് സാധിക്കുമെന്ന് വ്യക്തമാക്കാമോ;

ശ്രീ. പിണറായി വിജയൻ: സർ, സാധാരണഗതിയിൽ അതിവേഗതയിൽ തന്നെ അക്കാര്യങ്ങൾ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്. ഏത് തീയതിയാണെന്ന് ഞാൻ ഇപ്പോൾ പറയുന്നില്ല. അതിവേഗത്തിൽ തന്നെ പൂർത്തിയാക്കാൻ ശ്രമിക്കും.

**അനുബന്ധം**

**ശ്രീ. കെ. ബാബു എം.എൽ.എ.യുടെ ശ്രദ്ധക്ഷണിക്കലിനുള്ള മുഖ്യമന്ത്രിയുടെ മറുപടി**

കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ 18.01.2019-ലെ വിജ്ഞാപന പ്രകാരം 2011-ലെ തീരദേശ പരിപാലന നിയമത്തിൽ ഭേദഗതി വരുത്തിക്കൊണ്ട് പുതിയ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. 2019-ലെ CRZ വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ ഒരു തീരദേശ പരിപാലന പ്ലാൻ തയ്യാറാക്കുകയും അത് കേന്ദ്ര പരിസ്ഥിതി-വനം-കാലാവസ്ഥാവ്യതിയാന മന്ത്രാലയം അംഗീകരിക്കുന്ന മുറയ്ക്ക് മാത്രമേ ഈ വിജ്ഞാപനത്തിലെ ഇളവുകൾ സംസ്ഥാനത്ത് ലഭിക്കുകയുള്ളൂ.

ഇത് പ്രകാരം തീരദേശ പരിപാലന പ്ലാൻ തയ്യാറാക്കുന്നതിന് 20.08.2019-ലെ സർക്കാർ ഉത്തരവ് പ്രകാരം തിരുവനന്തപുരത്തെ കേന്ദ്ര ഭൗമശാസ്ത്ര പഠനകേന്ദ്രത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആദ്യ കരട് തയ്യാറായിട്ടുണ്ട്. ഇത് കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റി വിശദമായ പരിശോധനയ്ക്ക് വിധേയമാക്കും. ഇതേത്തുടർന്ന് പൊതുജനങ്ങളുടെ അഭിപ്രായം തേടും. അതിനുശേഷം സംസ്ഥാന സർക്കാർ പരിശോധിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ സഹിതം കേന്ദ്ര പരിസ്ഥിതി-വനം-കാലാവസ്ഥാവ്യതിയാന മന്ത്രാലയത്തിന് സമർപ്പിക്കും. ആയത് കേന്ദ്ര സർക്കാർ അംഗീകരിക്കുമ്പോൾ മാത്രമേ മേൽപറഞ്ഞ തരത്തിലുള്ള ഇളവുകൾ ലഭിക്കുകയുള്ളൂ.

ഇന്റഗ്രേറ്റഡ് കോസ്റ്റൽ സോൺ മാനേജ്മെന്റ് പ്രോജക്ടിലേയ്ക്ക് കേരളം ഉൾപ്പെടെയുള്ള സംസ്ഥാനങ്ങളെ രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്താൻ കേന്ദ്ര മന്ത്രാലയം തീരുമാനിച്ചിട്ടുണ്ട്. തീരദേശങ്ങളെയും സമുദ്ര പാരിസ്ഥിതിക പ്രവർത്തനങ്ങളെയും സംരക്ഷിക്കുക, തീരദേശ മലിനീകരണ നിയന്ത്രണം, അനുബന്ധ അടിസ്ഥാന സൗകര്യ വികസനം, തീരദേശ സമൂഹങ്ങളുടെ ഉപജീവന സംരക്ഷണം, സുസ്ഥിരമായ വികസനം, ഇന്റഗ്രേറ്റഡ് കോസ്റ്റൽ സോൺ മാനേജ്മെന്റ് പ്ലാനിന്റെ ശേഷി വികസിപ്പിക്കുകയും നടപ്പിലാക്കുകയും ചെയ്യുക എന്നിവയാണ് പദ്ധതിയുടെ ലക്ഷ്യങ്ങൾ.

വേമ്പനാട്ട് കായലിനായുള്ള പ്രത്യേക സമഗ്ര പദ്ധതിയിൽ സുസ്ഥിര വിനോദ സഞ്ചാര പ്രവർത്തനങ്ങൾ, കാർഷിക പ്രവർത്തനങ്ങൾ, തനത് പരിസ്ഥിതി സംരക്ഷണ പദ്ധതികൾ, സാമുദ്രിക പദ്ധതികളും കായൽ പദ്ധതികളും നിലനിർത്തുന്ന ജല സംയോജനം സാധ്യമാക്കൽ, പാരിസ്ഥിതിക ഘടകങ്ങളിലുണ്ടാവുന്ന വ്യതിയാനങ്ങൾ നിരീക്ഷിച്ച് വിലയിരുത്തുക തുടങ്ങിയ പ്രവർത്തനങ്ങൾ ഇതിൽ ഉൾപ്പെടുന്നതാണ്. ഈ പ്രവർത്തനങ്ങൾ മുകൾഭാഗത്തുള്ള നീർത്തടവൃഷ്ടി പ്രദേശങ്ങളിലും താഴെയുള്ള ജലപ്രദേശങ്ങളിലും ഫലപ്രദമായ രീതിയിൽ നടപ്പിലാക്കുക എന്നതും ഈ പദ്ധതിയുടെ ഭാഗമാണ്.

സർക്കാർ, സർക്കാരിതര സ്ഥാപനങ്ങൾ മുഖാന്തരം പദ്ധതിയുടെ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. ആദ്യ വർഷത്തെ പ്രവർത്തനങ്ങൾക്കായി 140.75 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഇതോടൊപ്പം സമഗ്രമായ മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിനായി തണ്ണീർത്തട അതോറിറ്റിക്ക് വേണ്ടി വെസ്റ്റ്ലാന്റ് ഇന്റർനാഷണൽ സൗത്ത് ഏഷ്യയുടെ പ്രൊപ്പോസൽ സമർപ്പിച്ചത് സർക്കാരിന്റെ പരിഗണനയിലുമാണ്.